ദേശാഭിമാനി 2022 ഫെബ്രുവരി 11 വെള്ളി

# കെഎസ്ഐഡിസി പലിശനിരക്ക് കുറച്ചു

**തിരുവനന്തപുരം**
സംസ്ഥാന വ്യവസായ വികസന കോർപറേഷൻ (കെഎസ്ഐഡിസി) നിക്ഷേപകർക്ക് സാമ്പത്തിക സഹായം നൽകാനുള്ള പലിശനിരക്ക് അര ശതമാനം കുറച്ചു. പലിശനിരക്കിന്റെ ഏറ്റവും കുറഞ്ഞ സ്ലാബ് ഇളവ് പ്രാബല്യത്തിൽ വന്നതോടെ 7.75 ശതമാനമായി താഴ്ന്നു. വ്യാവസായിക നിക്ഷേപങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായാണ് പലിശനിരക്കിൽ ഇളവു വരുത്താൻ ബോർഡ് യോഗം തീരുമാനിച്ചതെന്ന് എംഡി എം ജി രാജമാണിക്കം പറഞ്ഞു.

സാമ്പത്തിക വർഷാവസാനത്തോടെ ചെറുകിട, ഇടത്തരം വ്യവസായങ്ങളിൽ വിവിധ പദ്ധതികളിലായി 300 കോടി രൂപ വിതരണം ചെയ്യാനാണ് കെഎസ്ഐഡിസി ലക്ഷ്യമിടുന്നത്. 500 സംരംഭകരെ ലക്ഷ്യമിട്ടുള്ള മുഖ്യമന്ത്രിയുടെ പ്രത്യേക സഹായപദ്ധതിക്കുപുറമെ, കാരവൻ ടൂറിസം പോലുള്ള പദ്ധതികൾക്കും സാമ്പത്തികസഹായം നൽകുന്നുണ്ട്.